**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4163** **28-10-2021 - ൽ മറുപടിയ്ക്ക്**

**നഗരസഭയിലെ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നഗരസഭകൾക്ക് പെൻഷൻ ഫണ്ടിനത്തിൽ സർക്കാർ നൽകാനുള്ള തുക സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കാമോ; | (എ) | Kerala Municipality Rules 1996 Rule 7 Sub Rule (2) പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും അവയുടെ കീഴിലുള്ള ഓരോ ജീവനക്കാരന്റെയും ആകെ പ്രതിമാസ ശമ്പളത്തിന്റെ 15%നു ആനുപാതികമായ തുക മുനിസിപ്പാലിറ്റിയുടെ തനതു വരുമാനത്തിൽ നിന്നും കണ്ടെത്തി അർബർ അഫയേസ് ഡയറക്ടറുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടിൽ നിന്നുമാണ് നഗരസഭയിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ, ഡിസിആർജി തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നത്. കാലാകാലങ്ങളിലുള്ള ശമ്പളപരിഷ്കരണം, ക്ഷാമബത്ത എന്നീ ഇനത്തിൽ വരുന്ന അധിക ചെലവ് മൂലം പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ (ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ) ചെലവ് ക്രമാതീതമായി ഉയരുകയും അതിന് ആനുപാതികമായി നഗരസഭകളുടെ വരവ് (പെൻഷൻ കോൺട്രിബ്യൂഷൻ) വർദ്ധിക്കാത്ത സാഹചര്യത്തിൽ ഒരു One time assistance എന്ന നിലയിൽ പല വർഷങ്ങളിലായി സർക്കാർ 50-100 കോടി രൂപ വരെ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷവും പ്രസ്തുത ഫണ്ടിലേയ്ക്ക് 50 കോടി രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. എന്നാൽ മുനിസിപ്പൽ പെൻഷൻ ഫണ്ട് സർക്കാരിന്റെ ബാധ്യതയായി ഏറ്റെടുത്ത് നാളിതു വരെ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ മുനിസിപ്പൽ പെൻഷൻ ഫണ്ടിനത്തിൽ നാളിതുവരെ യാതൊരു കുടിശ്ശികയും നിലവിലില്ല. |
| (ബി) | പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് നഗരസഭകൾ സാമ്പത്തികമായി പ്രയാസപ്പെടുന്ന സാഹചര്യത്തിൽ പഞ്ചായത്തുകൾക്ക് സമാനമായി | (ബി) | തൽക്കാലം പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | നഗരസഭകളുടെ ജീവനക്കാർക്ക് പെൻഷൻ സർക്കാർ നൽകുന്ന കാര്യം പരിഗണിക്കാമോ? | | |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4163**
**28/10/2021 ലെ മറുപടിയ്ക്ക്**
**നഗരസഭയിലെ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിലെ കാലതാമസം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ എൻ. കെ. അക്ബർ:** | **ശ്രീ. കെ.എൻ. ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ മന്ത്രി)** |
| (എ) നഗരസഭകൾക്ക് പെൻഷൻ ഫണ്ടിനത്തിൽ സർക്കാർ നൽകാനുള്ള തുക സംബന്ധിച്ച് വിശദവിവരങ്ങൾ അറിയിക്കാമോ; | Kerala Municipality Rules 1996 Rule 7 Sub Rule (2) പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും അവയുടെ കീഴിലുള്ള ഓരോ ജീവനക്കാരന്റെയും ആകെ പ്രതിമാസ ശമ്പളത്തിന്റെ 15%നു ആനുപാതികമായ തുക മുനിസിപ്പാലിറ്റിയുടെ തനതു വരുമാനത്തിൽ നിന്നും കണ്ടെത്തി അർബൻ അഫയേസ് ഡയറക്ടറുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടിൽ നിന്നുമാണ് നഗരസഭയിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ, ഡിസിആർജി തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നത്. കാലാകാലങ്ങളിലുള്ള ശമ്പളപരിഷ്കരണം, ക്ഷാമബത്ത എന്നീ ഇനത്തിൽ വരുന്ന അധിക ചെലവ് മൂലം പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ (ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ) |

| | |
|---|---|
| | ചെലവ് ക്രമാതീതമായി ഉയരുകയും അതിന് ആനുപാതികമായി നഗരസഭകളുടെ വരവ് (പെൻഷൻ കോൺട്രിബ്യൂഷൻ) വർദ്ധിക്കാത്ത സാഹചര്യത്തിൽ ഒരു One time assistance എന്ന നിലയിൽ പല വർഷങ്ങളിലായി സർക്കാർ 50-100 കോടി രൂപ വരെ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷവും പ്രസ്തുത ഫണ്ടിലേയ്ക്ക് 50 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ മുനിസിപ്പൽ പെൻഷൻ ഫണ്ട് സർക്കാരിന്റെ ബാധ്യതയായി ഏറ്റെടുത്ത് നാളിതു വരെ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ മുനിസിപ്പൽ പെൻഷൻ ഫണ്ടിനത്തിൽ നാളിതുവരെ യാതൊരു കുടിശ്ശികയും നിലവിലില്ല. |
| (ബി) പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു നഗരസഭകൾ സാമ്പത്തികമായി പ്രയാസപ്പെടുന്ന സാഹചര്യത്തിൽ പഞ്ചായത്തുകൾക്ക് സമാനമായി നഗരസഭകളുടെ ജീവനക്കാർക്ക് പെൻഷൻ സർക്കാർ നൽകുന്ന കാര്യം പരിഗണിക്കാമോ? | തൽക്കാലം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**